<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3011 — 22.06.2012 ൽ മറുപടിയ്ക്ക്

## <u>സ്കൂളുകളിൽ കൃഷി ക്ലബ്ബ്</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കുട്ടികളിൽ കൃഷിശീലം വളർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | **(എ)** സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷം 42.5 കോടി രൂപയുടെ ഒരു ബൃഹത്ത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുട്ടികളിൽ കൃഷി ശീലം വളർത്തുന്നതിന് സ്കൂളുകൾ കേന്ദ്രീകരിച്ച് പച്ചക്കറി തോട്ടം നിർമ്മിക്കുന്നതിനും, കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പച്ചക്കറിക്കൃഷിക്കാവശ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. ഈ പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| **(ബി)** ഇതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് കൃഷി ക്ലബ്ബ് **കളും** രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>**(സി)** വയനാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് ഇത്തരത്തിൽ ക്ലബ്ബുകൾ രൂപീകരിച്ചത് എന്നതിന്റെ ബ്ലോക്ക് തല വിശദാംശം ലഭ്യമാക്കുമോ? | **(ബി)** **(സി)** സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് 2012-13 ലെ പച്ചക്കറി വികസന പദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. പദ്ധതിയുടെ രൂപീകരണം പൂർത്തിയാകുന്ന മുറയ്ക്ക് സ്കൂളുകൾ തെരഞ്ഞെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ